കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ യു) വകുപ്പ്

സ.ഉ.(കൈ)നം. 205/2009/തസ്വഭവ. തീയതി, തിരുവനന്തപുരം, 3/11/2009.

---

പരാമർശം:- 1. 19/03/2008-ലെ സ.ഉ.(കൈ)നം.88/08/തസ്വഭവ.
2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12/8/08, 01/11/08 എന്നീ തീയതികളിലെ എൽ.എഫ്.9736/ആർ.1/08 നം. കത്തുകൾ.
3. നഗരകാര്യ ഡയറക്ടറുടെ 7/3/09, 08/04/09 എന്നീ തീയതികളിലെ ഇ2-350/09 നം. കത്തുകൾ.

ഉത്തരവ്

സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ താഴെപ്പറയുന്ന മൂന്ന് അപാകതകൾ ചൂണ്ടിക്കാട്ടി അവ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം(2) മുഖേന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

1. 19/03/08-ലെ ജി.ഒ.(എം.എസ്)88/08/ തസ്വഭവ. നമ്പർ ഉത്തരവിൽ പെൻഷണർ/കുടുംബ പെൻഷണർ നൽകേണ്ട അപേക്ഷ അനുബന്ധം 1-ൽ പറയുന്ന മാതൃകയിലുള്ളതും, ജി.ഒ(പി)നം.180/2006/ഫിൻ. തീയതി 18/04/06-ൽ പറ യുന്ന പ്രകാരമുള്ളതുമാണ്. എന്നാൽ ഈ അപേക്ഷയുടെ മാതൃക പിന്നീട് പരിഷ്ക്കരിച്ച് ജി.ഒ.(പി)359/ 2006/ഫിൻ. തീയതി 1/9/06 ഉത്തരവിൽ അനുബന്ധം 6 ആയി ചേർത്തിട്ടുള്ളതാണ്. അതിനാൽ താരതമ്യേന വിദ്യാഭ്യാസം കുറവുള്ള കണ്ടിജന്റ് ജീവനക്കാർക്ക് സൂചന ഉത്തരവ് പ്രകാരമുള്ള അപേ ക്ഷ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ. അപേക്ഷാ ഫോറം മലയാളത്തിലാക്കുന്നത് ഉചിതമായിരിക്കും.

2. ടി ഉത്തരവിനൊപ്പം ചേർത്തിരിക്കുന്ന പട്ടിക സർക്കാർ പെൻഷൻകാർക്ക് ബാധകമായവയാണ്. പട്ടിക (3)-ൽ 1972 മുതൽ 2006 വരെ വിവിധ ശമ്പള പരിഷ്ക്കാരങ്ങളിലൂടെ സർക്കാർ ജീവനക്കാരുടെ പരിഷ്ക്കരിച്ച ശമ്പള സ്കെയിലുകളാണ് കൊടുത്തിട്ടുള്ളത്. ഇത് നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാർക്ക് ബാധകമല്ല. ടി ജീവനക്കാർക്ക് കാറ്റഗറി തിരിച്ച ശമ്പള സ്കെയിലും പ്രത്യേക ശമ്പള പരിഷ്ക്കരണ ഉത്തരവുകളുമാണ്.

3. 01/07/2004-ന് മുമ്പ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുകയോ സർവ്വീസിലിരിക്കെ മരണപ്പെടുകയോ ചെയ്തിട്ടുള്ളവരുടെ പെൻഷൻ/കുടുംബ പെൻഷൻ 01/04/2005 മുതൽ ടി ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ ഉത്തരവായിട്ടുണ്ടെങ്കിലും ആയതു അധികാരപ്പെടുത്തിനൽകുന്നതിനു ബന്ധപ്പെട്ട ഓഫീസർമാരായി ആരെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടില്ല.

തുടർച്ച......2

2. മേൽ സൂചിപ്പിച്ച 3 അപാകതകൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ പരാമർശം(3) മുഖേന നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 19/03/2008-ലെ സ.ഉ(കൈ)നം.88/08/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിൽ താഴെപ്പറയും പ്രകാരം ഭേദഗതി കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ എന്നിവ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഖണ്ഡിക 3</u>

താഴെപ്പറയും പ്രകാരം 3.1(a) കൂടി കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്.

"01/07/2004-ന് മുമ്പ് വിരമിച്ചവരുടെ പെൻഷൻ പരിഷ്ക്കരണത്തിന് ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു".

<u>പട്ടിക (2)</u>

പട്ടിക (2)-ലെ Row No.45 മുതൽ 72 വരെ ഒഴിവാക്കുന്നു.

<u>പട്ടിക(3)</u>

നിലവിൽ പട്ടിക (3)-ൽ ചേർത്തിരുന്നത് പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് ചുവടെ ചേർത്തിരിക്കും പ്രകാരം ഭേദഗതി ചെയ്യുന്നു.

<u>1/1/1972</u>

90-3-120-4-140

95-3-125-4-145

100-3-145-5-170

105-4-145-5-170.

<u>1/7/1978 മുതൽ</u>

280-5-340-6-400

290-5-330-6-390-425

300-6-360-7-402-8-450.

310-6-328-7-356-8-436-9-490

<u>1/4/1984 മുതൽ</u>

650-10-750-12-870

675-10-800-14-950.

700-10-800-14-940

725-10-825-14-965

<u>1/4/1989 മുതൽ</u>

850-15-865-20-985-25-1235.

875-15-905-20-1025-20-1125-30-1275.

900-20-920-25-1095-30-1395.

925-25-1100-30-1400.

<u>1/4/1994 മുതൽ</u>

950-15-1025-20-1185-25-1485.

975-15-1050-20-1190-25-1465-30-1525.

1000-20-1200-25-1575-30-1605.

1025-20-1225-25-1475-30-1625.

<u>1/4/1999 മുതൽ</u>

2735-60-3275-65-3665-70-3945.

2785-60-3085-65-3475-70-3825-75-4200

<u>1/7/2004. മുതൽ</u>

4630-120-4990-130-5510-140-5930-150-6080.
4750-120-4990-130-5510-140-5930-150-6680-160-7160.

<u>അനുബന്ധം 1</u>

ഈ ഉത്തരവ് പ്രാബല്യത്തിൽവരുന്ന തീയതിമുതൽ മുൻകാലങ്ങളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരിച്ചിട്ടുള്ളതിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾക്ക് അനുസൃതമായി അപേക്ഷ നൽകിയാൽ മതിയാകുന്നതാണ്. ആയത് പ്രകാരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ് എന്നു കൂടി ഉത്തരവാകുന്നു.

3. സൂചന ഒന്നിലെ സർക്കാർ ഉത്തരവ് മേൽപ്രകാരമുള്ള ഭേദഗതികളോടെ തുടർന്നും നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. കൃഷ്ണപിള്ള,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ നഗരസഭ ചെയർമാൻമാർക്കും.
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഡയറക്ടർ, കില, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നമ്പർ 50059. ഡബ്ല്യു.ഡബ്ല്യു1/09/ധന തീയതി 18/09/2009).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.